എങ്ങനെ സംരക്ഷിക്കുമെന്നാണ് പറയുന്നത്? ഇങ്ങനെ കളവു പറഞ്ഞിട്ട് കാര്യമുണ്ടോ? ആ മീറ്റർ കമ്പനിയിലെ യൂണിയന്റെ രണ്ടു നേതാക്കന്മാരാണ് ശ്രീ. കടവൂർ ശിവദാസനും ശ്രീ. ബാബു ദിവാകരനും. മീറ്റർ കമ്പനി തൊഴിലാളികളെ വഞ്ചിക്കുകയാണ് ഇവർ ചെയ്തത്. അതുകൊണ്ടാണ് ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാവുകയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മുടെ സംസ്ഥാനത്തുനിന്നും വിദേശത്ത് ജോലി തേടി പോകുന്ന ചെറുപ്പക്കാർ വളരെയേറെ വിഷമങ്ങൾ അനുഭവിക്കുന്ന ഒരു പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. വിദേശത്ത് ഇന്ന് ഏകദേശം 30 ലക്ഷത്തോളം മലയാളികൾ ജോലിയെടുക്കുന്നു. ഇതിൽ 25 ലക്ഷം മലയാളികളും ഗൾഫിലാണ് ജോലിയെടുക്കുന്നത്. യു.എ.ഇ.-യിലാണെങ്കിൽ ഇപ്പോൾ ജോലി തേടി പോകുന്ന ആളുകളുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യണമെന്നുള്ള ഒരു പ്രത്യേക നിബന്ധന വന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ വേണ്ടവിധത്തിലുള്ള ഇടപെടൽ ഇല്ലാത്തതുകൊണ്ടാണ് യു.എ.ഇ-യിൽ ഇത്തരത്തിൽ ഒരു നിബന്ധന ഇൻസിസ്റ്റ് ചെയ്യുന്നത്. യു.എ.ഇ.-യിലാണെങ്കിൽ ആകെ 1.2 മില്ല്യൻ ജനങ്ങളേയുള്ളൂ. അതിൽ 80 ശതമാനവും ഇൻഡ്യാക്കാരാണ്. അതിൽത്തന്നെ ബഹുഭൂരിപക്ഷവും മലയാളികളാണ്. വിശേഷിച്ചും അബുദാബി, ദുബായ്, ഷാർജ മുതലായ യു.എ.ഇ.-യിൽപ്പെടുന്ന സ്ഥലങ്ങളിൽ ബഹുഭൂരിപക്ഷവും വിദേശികളായി ജോലിക്കു വരുന്നവർ മലയാളികളാണ്. യു.എ.ഇ.-യിലേയ്ക്ക് പോകാൻ ഇന്ന് സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യണമെന്നുള്ള നിബന്ധന വന്നിട്ടുള്ളത് വളരെയേറെ വിഷമതകൾ സൃഷ്ടിച്ചിരിക്കുകയാണ്. വിദേശകാര്യ വകുപ്പ് നേരത്തേ തന്നെ താൽപ്പര്യമെടുത്തിരുന്നുവെങ്കിൽ, ഇടപെട്ടിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള നിബന്ധനയിൽ കാര്യമായ ഇളവുകൾ നമുക്ക് ലഭിക്കുമായിരുന്നു. പക്ഷേ നോർത്ത് ഇൻഡ്യയിൽ പ്രവർത്തിക്കുന്ന മലയാളി വിരുദ്ധലോബി വളരെ ശക്തമാണ്. എല്ലാ മേഖലകളിലും ഇത്തരത്തിലുള്ള ലോബികളുണ്ട്. അവരുടെ ഇടപെടലിന്റെ ഭാഗമായിട്ടാണ് യു.എ.ഇ.-ലേയ്ക്ക് പോകുന്ന ആളുകൾക്ക് ഇത്തരത്തിലുള്ള വിഷമം ഇന്ന് നേരിടുന്നത്. ഇതു പരിഹരിക്കാൻ വേണ്ടി നോർക്ക കഴിയുന്നിടത്തോളം ശ്രമിച്ചുവരുന്നുണ്ട്. അതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ എച്ച്.ആർ.ഡി.(ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്) ഡിപ്പാർട്ട്മെന്റിലെ നാല് ഉദ്യോഗസ്ഥന്മാർ, അറ്റസ്റ്റേഷനു വേണ്ടി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നോർക്കയുടെ ഒരു ഏജൻസിയായിട്ടുള്ള റൂട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ദിവസം റൂട്ടിലൂടെ 150 ആളുകൾക്കാണ് അറ്റസ്റ്റേഷൻ നടത്തിക്കൊടുക്കുന്നത്. ഇങ്ങനെ അറ്റസ്റ്റ് ചെയ്തിട്ടുള്ള കടലാസ് ബോംബേയിലോ ഡെൽഹിയിലോ എത്തിയശേഷം എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്ട്രി കൂടി പരിശോധിക്കേണ്ടതുണ്ട്. അതിനുശേഷം വീണ്ടും അത് യു.എ.ഇ. എമ്പസ്സിയിൽ എത്തുകയാണ്. ഏകദേശം മൂന്നു മാസത്തോളം സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനു വേണ്ടി മാത്രം ചെറുപ്പക്കാർ കാത്തിരിക്കേണ്ടിവരുന്ന ഒരു ദു:സ്ഥിതി കേരളത്തിലുണ്ട്. ഈ നൂലാമാലകളൊക്കെ കഴിഞ്ഞ് സർട്ടിഫിക്കറ്റ് കയ്യിൽ കിട്ടുമ്പോൾ ധാരാളം ചെറുപ്പക്കാർ ജോലി തന്നെ വേണ്ട എന്ന നിലയിലേയ്ക്ക് പോകും. അല്ലെങ്കിൽ അവർക്ക് കിട്ടിയിട്ടുള്ള വിസ തന്നെ നഷ്ടപ്പെടുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തും. പ്രൈവറ്റ് ഏജൻസിയാണെങ്കിൽ കേരളത്തിൽ അയ്യായിരവും പതിനായിരവും രൂപ വരെ അനധികൃതമായി ഡിമാൻഡ് ചെയ്യുന്ന സ്ഥിതിയുണ്ട് എന്നുള്ളത് മനസ്സിലാക്കണം. നോർക്ക വഴി റൂട്ടിൽ നിന്ന് അറ്റസ്റ്റ് ചെയ്യുന്നതിന് കേവലം 500 രൂപ മതി. എങ്കിൽപ്പോലും വിദേശ എമ്പസ്സിയും എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്ട്രിയും വേണ്ട സൗകര്യങ്ങൾ കേരളത്തിൽ ഏർപ്പെടുത്താത്തതുകൊണ്ട് ഇതിനായി ഇന്ന് ഡെൽഹിയിലേയ്ക്കും ബോംബേയിലേയ്ക്കും പോകേണ്ട ഒരു സ്ഥിതി വന്നിരിക്കുകയാണ്. ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റു തന്നെ കേന്ദ്രഗവൺമെന്റിലേയ്ക്ക് നിർദ്ദേശം വച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്. കേരളത്തിലുള്ള, വിദ്യാഭ്യാസ വകുപ്പിലെ ഉന്നതരായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് എച്ച്. ആർ. ഡി-യുടെ ഭാഗമായി സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യാൻ വേണ്ടിയുള്ള അധികാരം കേരളത്തിൽ നൽകണം. അങ്ങനെ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യാനുള്ള കേന്ദ്രങ്ങൾ കേരളത്തിൽ ചുരുങ്ങിയത് മൂന്ന് സോണൽ മേഖലകളിലെങ്കിലും വരണം. എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്ട്രിയും എച്ച്..ആർ.ഡി-യും കൂടി ഇതിൽ ഉൾപ്പെട്ടുകൊണ്ട് ഈ രണ്ടു ഡിപ്പാർട്ട്മെന്റുകളും കേരളാ ഗവൺമെന്റിന്റെ നോർക്കയും കൂടി പരിശോധിച്ചുകൊണ്ട് സോണൽ ഓഫീസുകൾ രൂപീകരിക്കുന്നകാര്യത്തെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തിരമായി സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. വിഷമങ്ങൾ ദൂരീകരിക്കാൻ വേണ്ടി നോർക്ക ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. . പക്ഷേ ഈ എമ്പസ്സിയുടെ കോൺസുലേറ്റ് തന്നെ തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുവരുന്ന കാര്യമടക്കം സംസ്ഥാനഗവണ്മെന്റ് കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ അറിയിക്കണം. മാറിയ രാഷ്ട്രീയ പരിത:സ്ഥിതിയിൽ അതൊക്കെ വേഗത്തിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളാ ഗവൺമെന്റ് അതിനുവേണ്ടി തക്കതായ സമ്മർദ്ദം ചെലുത്തണമെന്ന് അപേക്ഷിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എം. ഹസ്സൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി.കെ. ബാലൻ ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടി പോകുന്നവർ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. യു.എ.ഇ. ഉൾപ്പെടെയുള്ള ചില വിദേശ രാജ്യങ്ങളിൽ എമിഗ്രേഷൻ വ്യവസ്ഥകൾ കർശനമാക്കിയതിനെത്തുടർന്നാണ് പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ തേടിപോകുന്നവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.-യായി നിജപ്പെടുത്തുകയുണ്ടായത്. അത്തരം ഉദ്യോഗാർത്ഥികളിൽ അവരുടെ യോഗ്യതാ സർട്ടിഫിക്കറ്റ് എച്ച്.ആർ.ഡി., കേന്ദ്ര മനുഷ്യ വിഭവശേഷി മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം, ബന്ധപ്പെട്ട വിദേശ രാജ്യത്തിന്റെ ഇന്ത്യയിലുള്ള എമ്പസ്സി, ഇവയിൽനിന്നും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് നമ്മുടെ വിദേശകാര്യ വകുപ്പ് ഫലപ്രദമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ അത് ഒഴിവാക്കി കിട്ടുമായിരുന്നു എന്നാണ്, അത് പൂർണ്ണമായും ശരിയല്ല. മറ്റു രാജ്യങ്ങളിൽ ഇതുപോലെ അറ്റസ്റ്റേഷൻ ഇല്ലാത്തതുകൊണ്ട് അറ്റസ്റ്റേഷൻ ഒഴിവാക്കിക്കിട്ടുന്നതിന് ശ്രമിച്ചുവെങ്കിലും നടന്നില്ല. യു.എ.ഇ.-ലെ ഇന്ത്യൻ അമ്പാസ്സിഡറും സംസ്ഥാന മന്ത്രിസഭയിലെ ഞാനും ശ്രീ. ബാബുദിവാകരനും ഡോ.എം. കെ മുനീറും കഴിഞ്ഞ വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് അവരോട് പോയി പറഞ്ഞിട്ടുണ്ട്. അപ്പോൾ യു.എ.ഇ. അമ്പാസ്സിഡർ ഞങ്ങളോട് പറഞ്ഞവിവരം അവിടെയിപ്പോൾ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.-യായി തീരുമാനിച്ച സാഹചര്യത്തിൽ എഴുത്തും വായനയുമറിയാത്ത വളരെയധികം ആളുകൾ, അവിദഗ്ദ്ധരായ തൊഴിലാളികൾ ജോലി ചെയ്യപ്പെടുന്നുണ്ട്, പല തരത്തിലുള്ള ലേബർ പണികളിലേർപ്പെടുന്നുണ്ട്. അവർക്ക് എത്ര രൂപ ശമ്പളമുണ്ട്, അവർക്ക് എന്താണ് അവകാശമുള്ളത്, അവരുടെ യാത്രാ രേഖകളുടെ നിജസ്ഥിതി എന്താണ്, ഇത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം അജ്ഞത അവർക്കുള്ളതുകൊണ്ട് മിനിമം വിദ്യാഭ്യാസ യോഗ്യത കർശനമായി പാലിക്കണമെന്ന് യു.എ.ഇ. ഗവൺമെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ നിബന്ധന ഏർപ്പെടുത്തിയത് എന്നാണ്. പക്ഷേ അതിലും ഇളവുവരുത്താനാവുമോയെന്ന് പരിശോധിക്കണമെന്ന് ഞങ്ങളന്ന് ആവശ്യപ്പെട്ടു. പുതുതായി കേന്ദ്രത്തിൽ ചുമതല ഏറ്റെടുത്ത ഗവൺമെന്റിലെ വിദേശകാര്യ വകുപ്പുമന്ത്രി ശ്രീ. നട്വർസിംഗുമായും ഗൾഫ് ഡിവിഷന്റെ ചുമതല വഹിക്കുന്ന സഹമന്ത്രി ശ്രീ. ഇ. അഹമ്മദുമായും ഞങ്ങൾ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഡൽഹിയിൽ പോയി ആളുകൾ അറ്റസ്റ്റേഷൻ നടത്തുന്നതിന്റെ ദുരിതങ്ങൾ, കേരളീയർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയിട്ട് മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ഒരു മന്ത്രിസഭാ ഉപസമിതിയും കേരളത്തിലെ മുഴുവൻ എം.പി.-മാരും രാഷ്ട്രീയഭേദമെന്യേ പ്രധാനമന്ത്രിയെക്കണ്ട് അഭ്യർത്ഥിച്ചതിന്റെ ഫലമായി കേന്ദ്ര തൊഴിൽകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സാഹിത് സിങ് വർമ്മ വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ കേരള ഗവൺമെന്റിന്റെ പ്രതിനിധികളായി ഞങ്ങളെക്കൂടി പങ്കെടുപ്പിച്ചിട്ടാണ് എച്ച്.ആർ.ഡി. മിനിസ്ട്രിയെക്കൊണ്ട്, രാജ്യത്താദ്യമായിട്ട് എച്ച്.ആർ.ഡി.-യുടെ ഒരു റീജിയണൽ അറ്റസ്റ്റേഷൻ സെന്റർ ഡൽഹിക്കു പുറത്തു കേരളത്തിൽ തുടങ്ങുന്നത്. അവിടെ മഞ്ഞത്തും മഴയത്തും വെയിലത്തുമൊക്കെ കേരളീയർ കഷ്ടപ്പെടുന്നത് ദൃശ്യമാധ്യമങ്ങളും, പത്രമാധ്യമങ്ങളുമൊക്കെ വളരെയധികം പ്രാധാന്യം നൽകി, നമ്മുടെ എം.പി.-മാർ വളരെയധികം ഒച്ചപ്പാടുണ്ടാക്കി, അതിന്റെയെല്ലാം ഫലമായി ഒരു റീജിയണൽ

LIBRARY ARCHIVES Kerala Legislative Assembly

അറ്റസ്റ്റേഷൻ സെന്റർ അനുവദിച്ചു. ബഹുമാനപ്പെട്ട ടി.കെ. ബാലൻ പറഞ്ഞതുപോലെ നാല് ആളുകളെ എച്ച്.ആർ.ഡി.-യിൽ നിന്നും ഇവിടേയ്ക്ക് ഡെപ്യൂട്ടേഷനിൽ അയച്ചു. അവരുടെ എല്ലാ ചെലവുകളും സംസ്ഥാന ഗവൺമെന്റ് വഹിച്ചുകൊണ്ടാണ് ഈ റീജിയണൽ അറ്റസ്റ്റേഷൻ സെന്റർ തുടങ്ങിയത്. ഒരു ദിവസം 150 സർട്ടിഫിക്കറ്റുകൾ മാത്രമെ അറ്റസ്റ്റ് ചെയ്യാൻ സാധിക്കൂ എന്നു തീരുമാനിച്ചത് എച്ച്.ആർ.ഡി. ആണ്. അതിനേക്കാൾ കൂടുതൽ ആളുകൾ വരുന്ന സാഹചര്യത്തിൽ, ആ 150 പേർ ആദ്യം തിരുവനന്തപുരത്തുവന്ന് ബുദ്ധിമുട്ടി പിന്നീട് online registration ആക്കി, ഇപ്പോൾ ഏതായാലും 150 ആളുകളുടെ അറ്റസ്റ്റേഷൻ ഒരു ദിവസം എടുക്കുന്നുണ്ട്. 30-1-2004-ലാണ് ഈ അറ്റസ്റ്റേഷൻ സെന്റർ തുടങ്ങിയത്. ഇതുവരെയായി 13,771 അപേക്ഷകരുടെ 16,703 സർട്ടിഫിക്കറ്റുകളാണ് നോർക്കയുടെ സ്ഥാപനമായ 'റൂട്ട്സ്'-ൽ കിട്ടിയത്. അതിൽ ഇതിനകം 11,281 പേരുടെ ഏതാണ്ട് 8374 സർട്ടിഫിക്കറ്റുകൾ കൊടുത്തുകഴിഞ്ഞിട്ട് അഞ്ച് മാസം മാത്രമേ ആയിട്ടുള്ളൂ. അതിൽ തന്നെ 2086 സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്തിട്ടും ഉദ്യോഗാർത്ഥികൾ വാങ്ങാതെയുണ്ട്. അതിനർത്ഥം ആവശ്യക്കാരും ആവശ്യക്കാരല്ലാത്തവരും ഒരുമിച്ചു വരുന്നതിന്റെ ഫലമായി കുറെ ബാക്കി കിടക്കുകയാണെന്നാണ്. ബാക്കിയുള്ള അപേക്ഷകൾകൂടി എത്രയുംവേഗം അറ്റസ്റ്റുചെയ്ത് കൊടുക്കാൻ നടപടിയെടുക്കുന്നുണ്ട്. ഇതിൽ ഏറ്റവും വലിയ bottle neck ആയി വന്നിരിക്കുന്നത് എച്ച്.ആർ.ഡി. അറസ്റ്റ് ചെയ്ത് ഡൽഹിയിൽ അയയ്ക്കുന്നു. ഡൽഹിയിൽ ഒരു ഡപ്യൂട്ടി സെക്രട്ടറിയെ നോർക്ക ഡിപ്പാർട്ട്മെന്റ് ഈ ചുമതല നിർവ്വഹിക്കാൻ മാത്രമായി വച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് External Affairs Ministry-യിലേക്ക് പോകുന്നത്, അവിടേയും കാലതാമസമില്ല. എച്ച്.ആർ.ഡി. 150 സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റുചെയ്യുന്നു, ഓരോന്നും ഇവിടെനിന്നും കൊറിയറിൽ നമ്മൾ അയയ്ക്കുന്നു, External Affairs Ministry-യും അറ്റസ്റ്റുചെയ്തു കഴിഞ്ഞാൽ ഡൽഹിയിലെ യു.എ.ഇ. എമ്പസ്സിയിൽ 50 എണ്ണം മാത്രമേ നമ്മുടേത് എടുക്കുന്നുള്ളൂ. യു.എ.ഇ. അമ്പാസ്സിഡറെ ഒരിക്കൽ ഡൽഹിയിൽ വച്ചും മറ്റൊരിക്കൽ കോഴിക്കോടുവന്നപ്പോഴും ഞാൻ നേരിൽ പോയിക്കണ്ട് അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അറ്റസ്റ്റേഷൻ അവിടെ വരികയാണ്. മറ്റു പല തരത്തിലുള്ള ചുമതലകൾ അവിടെ ഏല്പിക്കുകയും എമ്പസ്സി നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്, അവരുടെ സ്റ്റാഫിന്റെ അപര്യാപ്തത ഇതൊക്കെയാണ് കാരണമായി പറയുന്നത്. പക്ഷേ ഇപ്പോൾ ബോംബെയിലെ consulate-ലും കുറെ അറ്റസ്റ്റ് ചെയ്യുന്നുണ്ട്. അങ്ങനെ പത്തിരുന്നൂറെണ്ണം ഒരു ദിവസം കിട്ടുന്നുണ്ട്. അതുകൊണ്ടാണ് നമുക്ക് ഇത്രയും ആളുകൾക്ക് തിരിച്ചു കൊടുക്കാൻ കഴിഞ്ഞത്. ഏതായാലും ശ്രീ. ഇ. അഹമ്മദ് കേന്ദ്ര സഹമന്ത്രിയായി ചുമതല ഏറ്റെടുത്തതിനുശേഷം എച്ച്.ആർ.ഡി.-യുടെ സ്റ്റേറ്റ് മിനിസ്റ്ററും അദ്ദേഹവും കൂടി നടത്തിയ കോൺഫറൻസിൽ കേരള ഗവൺമെന്റിന്റെ പ്രതിനിധിയായി നോർക്ക സെക്രട്ടറിയും പങ്കെടുത്തു. അതിന്റെ ഫലമായി നമ്മുടെ റിക്വസ്റ്റ് മാനിച്ചുകൊണ്ട് ഈ അറ്റസ്റ്റേഷനുള്ള ചുമതല കേരള സർക്കാരിനെ ഏല്പിക്കാമെന്ന് സമ്മതിച്ചുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. നാലകത്തു സൂപ്പിയുമായി ഞാൻ ഈ കാര്യം ചർച്ച ചെയ്തു, വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരെ

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് ഈ സംവിധാനത്തിലൂടെതന്നെ തിരുവനന്തപുരത്തിനു പുറമെ തൊട്ടടുത്ത് കോഴിക്കോടും സെന്റർ ആരംഭിക്കാനുള്ള നടപടികൾ ഞങ്ങളെടുത്തുകഴിഞ്ഞു. കോഴിക്കോട് കളക്ടറോട് ഇക്കാര്യം ചർച്ചചെയ്ത് അതിനാവശ്യമായ സ്ഥല സൗകര്യങ്ങളും മറ്റും സംവിധാനങ്ങളുമേർപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് തുടങ്ങിയതിനുശേഷം ആവശ്യമെങ്കിൽ നമുക്ക് കൊച്ചിയിലും ആരംഭിക്കാം. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നുള്ള നിലയിലാണ് ആലോചിച്ചത്. ഏറ്റവും കൂടുതൽ ആപ്ലിക്കേഷൻ മലബാർ ജില്ലയിൽ നിന്നുമാണെന്നുള്ളതുകൊണ്ടാണ് കോഴിക്കോട് അടിയന്തിരമായി സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. ഞാൻ തന്നെ കളക്ടറോട് സംസാരിച്ചു, സെക്രട്ടറി സംസാരിച്ചു, എല്ലാ സംവിധാനവും ഏർപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും അറിയിപ്പുവന്നാൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഉദ്യോഗസ്ഥന്മാരെ assign ചെയ്തുകഴിഞ്ഞാൽ കോഴിക്കോട് ഇത് ആരംഭിക്കാൻ കഴിയും. ഇപ്പോൾ ഇത്രയും ബുദ്ധിമുട്ടി ഇതെല്ലാം തുടങ്ങിയിട്ടും ആളുകൾക്ക് ഒരു തരത്തിലുള്ള ധൃതിയാണ്, പാസ്പോർട്ടിന്റെ കാര്യത്തിലായാലും ഇതുതന്നെയാണ് സ്ഥിതി. ഇതിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഞങ്ങൾ ചെയ്തിട്ടുണ്ട്. പെട്ടെന്ന് വിസവരുന്നു, അങ്ങനെ ഒരാളിന് പോകണമെങ്കിൽ അതിനുള്ള സംവിധാനം എർപ്പെടുത്തിയിട്ടുണ്ട്. വിസ വന്നാൽ അതിന്റെ പെർമിറ്റ് ലെറ്ററോ എൻട്രി ലറ്ററോ ഒക്കെയുണ്ടാകും, അങ്ങനെയുള്ളത് കാണിച്ച് ഏതെങ്കിലും ഒരു എം.എൽ.എ.-യോ എം.പി.-യോ അത് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു കത്ത് നോർക്ക ഡിപ്പാർട്ടുമെന്റിനു നൽകിയാൽ അവർക്ക് out of priority ആയി സർട്ടിഫിക്കറ്റ് അറ്റസ്റ്റുചെയ്ത് കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സഭയിലെ പല എം.എൽ.എ.-മാരും നമ്മുടെ പല എം.പി.-മാരും അത്തരത്തിലുള്ള കത്തുകൾ ഫോർവേഡ് ചെയ്യുന്നുണ്ട്. ഓരോ ദിവസവും 10-ഉം 30-ഉം ആളുകൾക്ക് അങ്ങനെ കൊടുക്കുന്നുണ്ട്. അങ്ങനെ അത്യാവശ്യക്കാരുടെ പ്രശ്നംകൂടി പരിഹരിച്ചുകൊണ്ടുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അത് പത്രങ്ങളിൽ വന്നതുകാരണം എം.എൽ.എ.-മാർക്ക് ഇപ്പോൾ ഇരിക്കാൻ നിവർത്തിയില്ലെന്ന് അവർതന്നെ പറയുന്നുണ്ട്. അത് ദുരുപയോഗ പ്പെടുത്താതിരിക്കാൻ വേണ്ടിയാണ് എം.എൽ.എ.-മാരോ എം.പി.-മാരോ അത് സാക്ഷ്യപ്പെടുത്തണമെന്നു പറഞ്ഞത്. അതുകൊണ്ട് പരമാവധി ഈ അറ്റസ്റ്റേഷൻ സംബന്ധിച്ചുള്ള ഇപ്പോഴത്തെ പരാതികൾ ഒഴിവാക്കാൻ ശ്രമിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്, രണ്ടുമാസക്കാലാവധിയെടുത്തിരുന്നു. ഇപ്പോഴുള്ള കുടിശ്ശിക സർട്ടിഫിക്കറ്റുകൾകൂടി കൊടുത്തുകഴിഞ്ഞാൽ പിന്നെ ഒരു മാസത്തിനുള്ളിൽ കൊടുക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് രണ്ടാഴ്ചയായി ചുരുക്കാൻ പറ്റുമോ എന്നുള്ളത് വീണ്ടും ചർച്ച ചെയ്യാം, പരമാവധി അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് കൊടുക്കുവാനുള്ള സംവിധാനങ്ങൾ എർപ്പെടുത്തും. പക്ഷെ ഇത് തുടങ്ങിക്കഴിഞ്ഞപ്പോൾ ചില സ്വകാര്യ ഏജൻസികൾ ഇതിനെതിരായി ശക്തമായ പ്രചരണം നടത്തി. അങ്ങ് പറഞ്ഞത് ശരിയാണ്. അവരുടെ ചൂഷണം നടക്കില്ലെന്നുള്ളതുകൊണ്ട് അവർ എല്ലാ മാധ്യമങ്ങളിലും attestation സംഭവത്തെക്കുറിച്ച് പരാതികളും വിമർശനങ്ങളും നൽകി ഈ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിച്ചു. പക്ഷെ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അതൊന്നും കേട്ട് കുലുങ്ങിയില്ല കാരണം കേരളീയരായ ആളുകളെ സഹായിക്കാനുള്ള ഒരു സംവിധാനമാണ്. ഇപ്പോഴും പല ഏജൻസികളും ഈ ആളുകളെ വഴിതെറ്റിക്കാൻ ശ്രമിക്കുകയാണ്. അതിനവസരം കൊടുക്കാതെ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രി ചെയ്ത കാര്യങ്ങളെ കുറിച്ചൊക്കെ പറഞ്ഞു. അതൊക്കെ വളരെ സ്വാഗതാർഹമായ കാര്യങ്ങളാണ്. എമ്പസ്സിയിലാണ് വളരെ കാലതാമസ്സമെന്നു പറഞ്ഞു. അതുകൊണ്ട് കേന്ദ്രത്തിൽ ശരിയായ സമ്മർദ്ദം ചെലുത്തി യു.എ.ഇ കോൺസുലേറ്റ് തിരുവനന്തപുരത്ത് തുറക്കുന്നതിന് ഒരു പ്രത്യേക ശ്രദ്ധ കൊടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ : വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. ഗവൺമെന്റിന്റെ രേഖകൾ പരിശോധിച്ചാൽ അറിയാം നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് സുൽത്താനേറ്റ് ഓഫ് ഒമാന്റെ ഒരു കോൺസുലേറ്റ് കേരളത്തിൽ തുറക്കാൻ തയ്യാറായ സന്ദർഭത്തിൽ അന്ന് കേന്ദ്ര ഗവൺമെന്റ് തടസ്സം സൃഷ്ടിക്കുകയാണ് ചെയ്തത്. നമ്മൾ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. യു.എ.ഇ.-യുടേയും സൗദി അറേബ്യയുടേയും കോൺസുലേറ്റുകൾ കേരളത്തിൽ ആവശ്യമാണ്. ഏതായാലും ബഹുമാനപ്പെട്ട മെംപർ പറഞ്ഞത് വളരെ ഗൗരവതരമായി എടുത്തിട്ടുണ്ട്. ഈ മാസം 10-ാം തീയതി കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി നട്വർ സിംഗ് കേരളത്തിൽ വരുന്നുണ്ട്. മുഖ്യമന്ത്രിയുമായി ചർച്ചയ്ക്ക് സമ്മതിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മുൻപിൽ ഈ പ്രശ്നം ഗൗരവതരമായി ഉന്നയിക്കും. ഇതിൽ യു.എ.ഇ. ഗവൺമെന്റിന്റെ സഹായം കൂടി ആവശ്യമാണ്. വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ. അഹമ്മദ് തന്റെ ഒരു ദൗത്യമായി ഇത് ഏറ്റെടുത്തിട്ടുണ്ടെന്ന് എന്നോട് നേരിട്ട് പറഞ്ഞു. അദ്ദേഹം യു.എ.ഇ.-യിൽ പോകുമ്പോൾ അവിടത്തെ ഭരണകർത്താക്കളുമായി ഈ കാര്യം ചർച്ച ചെയ്ത് നമുക്ക് അനുകൂലമായ ഒരു തീരുമാനമെടുപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുമായി നടത്തുന്ന ചർച്ചയിൽ ഇക്കാര്യം ഉന്നയിക്കുന്നതാണ്.

(2) മണ്ണാർക്കാട് താലൂക്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പാത്രക്കടവ് പദ്ധതി

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, മണ്ണാർക്കാട് താലൂക്ക് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്കും മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്കും സാദ്ധ്യതയുള്ള ഒരു പ്രദേശമാണ്. എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ കഴിഞ്ഞകാല ഗവൺമെന്റുകളൊന്നും അത് വിനിയോഗിക്കാനുള്ള യാതൊരു പരിശ്രമവും നടത്തിയിട്ടില്ല. അഗളി പഞ്ചായത്തിലെ മാറനട്ടി, കോട്ടപ്പാടം പഞ്ചായത്തിലെ ചെമ്പുകട്ടി, അലനല്ലൂർ പഞ്ചായത്തിലെ വെള്ളച്ചാട്ടപ്പാറ, കുമരമ്പത്തൂർ മണ്ണാർക്കാട് പഞ്ചായത്തിലെ പാത്രക്കടവ്, തച്ചമ്പാറ പഞ്ചായത്തിലെ വട്ടപ്പാറ, കരുമ്പ പഞ്ചായത്തിലെ മീൻവല്ലം തുടങ്ങിയവ ഇതിൽ ശ്രദ്ധേയമായ ചില പദ്ധതികളാണ്. ഈ പദ്ധതികളിൽ ചിലത് വട്ടപ്പാറ ഇലക്ട്രിസിറ്റി ബോർഡും മീൻവല്ലം ജില്ലാ പഞ്ചായത്തും ഏറ്റെടുത്തിട്ടുണ്ട്. പക്ഷെ ഇതൊന്നും പ്രായോഗിക തലത്തിൽ വന്നിട്ടില്ല. കേരളാ ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly